# തെങ്ങ് കയറാൻ കറണ്ട് വേണ്ട, തേങ്ങയിടണോ ഞങ്ങൾ റെഡി

• തുളസിദാസ്

മാന്നാർ: തെങ്ങുകയറ്റം ഒരു ഇലക്ട്രിക് പണിയല്ലെന്ന് മുരളിക്കും സുനിലിനും നന്നായറിയാം. പക്ഷേ ഇലക്ട്രീഷ്യൻമാരായ ഇവർ ഇപ്പോൾ സന്തോഷമായി ജീവിക്കുന്നത് തെങ്ങുകയറി കിട്ടുന്ന തുകകൊണ്ടാണ്. പ്രതിദിനം 2000 രൂപവരെയാണ് ഇവർ തെങ്ങുകയറി സമ്പാദിക്കുന്നത്. മുരളി ഐ.ടി.ഐയിൽ ഇലക്ട്രീഷ്യൻ കോഴ്സും സുനിൽ ഓട്ടോ ഇലക്ട്രീഷ്യൻ കോഴ്സും പാസായവരാണ്.



മുരളീധരനും സുനിലും തെങ്ങുകയറ്റത്തിനിടയിൽ

വീട്ടിലെ തെങ്ങുകളിൽ നിന്ന് തേങ്ങയിടാൻ ആളന്വേഷിച്ച് മടുത്തപ്പോഴാണ് തെങ്ങുകയറ്റമെന്ന വെള്ളിവെളിച്ചം ഇവരെ തേടിയെത്തിയത്. നാളികേര വികസന ബോർഡ് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്നുവെന്ന വാർത്ത ഇവരുടെ ജീവിതമാകെ മാറ്റി മറിച്ചു. അങ്ങനെ ചെറുകോൽ പനവള്ളിൽ വീട്ടിൽ നാൽപ്പത്തഞ്ചുകാരനായ മുരളീധരനും കാരാഴ്മ തോപ്പിൽ സുനിൽഭവനത്തിൽ 32കാരനായ സുനിലും തെങ്ങുകയറ്റക്കാരായി.

നാളികേര വികസനബോർഡിൽ അപേക്ഷ നൽകിയതിനെ തുടർന്ന് ചേർത്തല കഞ്ഞിക്കുഴി ഗാന്ധി സ്മാരക സേവാകേന്ദ്രത്തിലായിരുന്നു പരിശീലനം.

ഒരാഴ്ച ദൈർഘ്യമുള്ള കോഴ്സിൽ പങ്കെടുത്തപ്പോൾ ജീവിതത്തിൽ ഇങ്ങനെയൊരു മാറ്റം ഇരുവരും പ്രതീക്ഷിച്ചില്ല. ആയാസമില്ലാതെ, യന്ത്ര സഹായത്തോടെ സുരക്ഷിതമായി തെങ്ങുകയറാനുള്ള ധൈര്യം പരിശീലനത്തിൽ ഇവർ സ്വായത്തമാക്കി.

ഓട്ടോറിക്ഷാ തൊഴിലാളിയായ മുരളീധരന് പിന്നീടൊന്നും ചിന്തിക്കേണ്ടിവന്നിട്ടില്ല. മേസ്തിരിപണിക്കാരനായ സുനിലിനും അതേ. ഞായറാഴ്ചകളിൽ തെങ്ങുകയറ്റക്കാരും മറ്റ് ദിവസങ്ങളിൽ ഒരാൾ ഓട്ടോഡ്രൈവറും മറ്റേയാൾ മേസ്തിരിയുമാണ്. തേങ്ങയിടാൻ ആളെത്തേടി നടക്കുന്നവർക്ക് ഒരു ഫോൺകോൾ അകലെ ഇരുവരും എപ്പോഴുമുണ്ട്. മുരളിയുടെ നമ്പർ 9387399696, സുനിലിന്റേത് 9847573717.